(ഡി) പകർച്ചവ്യാധികൾ പടരുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇനിയും എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൂർണ്ണമായും ഉന്മൂലനം ചെയ്തിട്ടില്ല.

(ബി) അടുത്ത കാലത്തായി ഛർദ്ദി-വയറിളക്കം, ടൈഫോയിഡ്, മഞ്ഞപിത്തം എന്നീ പകർച്ചവ്യാധികൾ സംസ്ഥാനത്തെ ചിലഭാഗങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പകർച്ചവ്യാധികൾ പടരുന്നത് തടയാനും ഇല്ലായ്മ ചെയ്യാനും രോഗ പ്രതിരോധകുത്തിവയ്പ് എല്ലാ കുട്ടികൾക്കും നൽകുന്നുണ്ട്. വിവിധ മാധ്യമങ്ങളിൽകൂടി ജനങ്ങളെ ബോധവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രോഗചികിത്സയ്ക്കുള്ള സംവിധാനങ്ങൾ എല്ലാ ആശുപത്രികളിലും ലഭ്യമാണ്. ജനങ്ങളുടെ പങ്കാളിത്തത്തോടെ പഞ്ചായത്ത് അധികൃതർ ആരോഗ്യ വകുപ്പുമായി സഹകരിച്ച് രോഗനിയന്ത്രണപരിപാടി വിജയിപ്പിക്കുവാൻ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വയറിളക്കരോഗങ്ങൾ നിയന്ത്രണത്തിലാക്കാൻ പാനീയചികിത്സ വ്യാപകമാക്കിയിട്ടുണ്ട്. ആരോഗ്യവകുപ്പ് സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും കർമ്മസമിതികൾ രൂപീകരിച്ചിട്ടുണ്ട്. ശുദ്ധജലം ഉപയോഗിക്കുന്നതിനും ശുചിയായ ആഹാരസാധനങ്ങൾ ഉപയോഗിക്കുന്നതിനും സർവ്വോപരി വ്യക്തിശുചിത്വം പാലിക്കുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കാൻ വിവിധ മാധ്യമങ്ങൾ ഉപയോഗിക്കുന്നുണ്ട്. റാപ്പിഡക്സ് ആക്ഷൻ ഫോഴ്സിന്റെ സേവനം സാംക്രമിക രോഗനിവാരണത്തിന് പ്രയോജനപ്പെടുത്തുന്നു. മെഡിക്കൽ കോളേജുകളിലെ റീജിയണൽ പി.ഇ. ഐ.ഡി. സെല്ലുകൾ അതതു ജില്ലകളിലെ ഡി.എം.ഒ. മാരും ചേർന്ന് സംയുക്തമായി പഠനം നടത്തി അനുയോജ്യമായ പ്രതിവിധികൾ സ്വീകരിച്ചുവരുന്നു.

170 (2485) ചികിത്സാ സഹായ പദ്ധതി

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പു മുഖേനയുള്ള ചികിത്സാ സഹായപദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കുവേണ്ട തുക എങ്ങനെയാണ് സ്വരൂപിക്കുന്നതെന്നും, ഇതുവരെയായി എത്ര തുക സ്വരൂപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) സഹായധനം ലഭിക്കാൻ കാലതാമസമുണ്ടാകുന്നതുകാരണം അടിയന്തിര ശസ്ത്രക്രിയകൾപോലും നടത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പാവപ്പെട്ടവർക്കുള്ള ഈ ചികിൽത്സാ സഹായ പദ്ധതിയിൽ ഏതൊക്കെ അസുഖങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) ചികിത്സാ സഹായ പദ്ധതിയനുസരിച്ച് പാവപ്പെട്ട രോഗികൾക്കുള്ള ചികിത്സാ സഹായ സൊസൈറ്റി മുഖാന്തിരം 24,000 രൂപയ്ക്ക് താഴെ വാർഷിക കുടുംബവരുമാനമുള്ള 246 രോഗികൾക്ക് ഇതുവരെ ധനസഹായം നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലും, ഗവൺമെന്റ് ആശുപത്രികളിലും ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയിലും സൊസൈറ്റി നിജപ്പെടുത്തിയിട്ടുള്ള ചില പ്രധാനപ്പെട്ട രോഗങ്ങളുടെ ചികിത്സയ്ക്കും, ഓപ്പറേഷനും വിധേയമാകുന്ന രോഗികളെ ചികിത്സിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രപ്രകാരമാണ് തുക അനുവദിക്കുന്നത്. ടി തുക അതാതു ആശുപത്രി സൂപ്രണ്ടിന് ഡിമാന്റ്ഡ്രാഫ്റ്റായി നൽകുന്നു.

(ബി) ആരോഗ്യ വകുപ്പുമന്ത്രി ചെയർമാനായുള്ള ജനറൽബോഡി ഓരോമാസവും യോഗം കൂടി സൊസൈറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. കൂടുതൽ ഫണ്ട് പൊതുപങ്കാളിത്തത്തോടെ സമാഹരിച്ച് സൊസൈറ്റിയുടെ പ്രവർത്തനം ഇനിയും വിപുലപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

(സി) സംസ്ഥാന വിഹിതമായി 2 കോടിരൂപയും, കേന്ദ്രവിഹിതമായി ഒരുകോടി രൂപയുമാണ് സൊസൈറ്റിക്ക് പ്രവർത്തന മൂലധനമായുണ്ടായിരുന്നത്.

(ഡി)&(ഇ) ചികിത്സാ ധനസഹായം ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ട് മുഖാന്തിരമാണ് നൽകുന്നത്. കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) താഴെപറയുന്ന അസുഖങ്ങളെ ഈ ചികിത്സാ സഹായപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ഹൃദയശസ്ത്രക്രിയ
2. പേസ്മേക്കർ സ്ഥാപിക്കൽ
3. ആൻജിയോഗ്രാം
4. ആൻജിയോപ്ലാസ്റ്റി
5. കിഡ്നി മാറ്റിവയ്ക്കുന്ന ശസ്ത്രക്രിയ
6. പല വിഭാഗത്തിലുള്ള ഓർത്തോപീഡിക്ക് സർജറി
7. ബ്രെയിൻ സർജറി

171 (2487) സംസ്ഥാന സർവ്വീസിൽ നിന്ന് വിരമിക്കുന്നവർക്ക് ചികിത്സാസൗകര്യം ലഭിക്കുന്നതിനുള്ള നടപടി

ശ്രീ. കെ. ബാബു :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly